# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:4247

24.06.2019-ലെ മറുപടി

## പുതിയ കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനു നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന കുടിവെള്ള പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനു വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടുകൂടി കോതമംഗലം മുനിസിപ്പാലിറ്റിയിലെ ജവഹർ ജംഗ്ഷൻ മുതൽ മാതിരപ്പിള്ളി വരെയും അമ്പലപ്പറമ്പ് മുതൽ വലിയപാറ വരെയും ഒരു കിലോമീറ്റർ കേടായ എ. സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>ഇതിനു പുറമേ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയും പൈപ്പുകൾ മാറ്റിയിടുന്നുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളിലെ പൈപ്പുകളാണ് മാറ്റി സ്ഥാപിച്ചിട്ടുള്ളതെന്നും, ഇനി എവിടെയെല്ലാമാണ് മാറ്റി സ്ഥാപിക്കുവാനുള്ളതെന്നും, ഇതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത മണ്ഡലത്തിലെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ താഴെപ്പറയുന്നു.<br>1. നെല്ലിക്കുഴി കുടിവെള്ള പദ്ധതിയുടെ തൃക്കാരിയൂർ പമ്പ് ഹൌസ് മുതൽ ടാങ്ക് വരെയുള്ള 3850 മീറ്റർ 250 എം. എം. എ. സി / 160 എം. എം. പി. വി. സി. പൈപ്പ് മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായി വരുന്നു (അടങ്കൽ തുക – 250 ലക്ഷം രൂപ)<br>2. കോതമംഗലം മുനിസിപ്പാലിറ്റി – അമ്പലപ്പറമ്പ് ടാങ്ക് മുതൽ സി. എസ്. ടി. കോൺവെന്റ് വരെയുള്ള ഒരു കിലോമീറ്റർ പൈപ്പ് ലൈൻ മാറ്റി സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്.<br>3. കോതമംഗലം മുനിസിപ്പാലിറ്റി – ട്രീറ്റ്മെന്റ് പ്ലാന്റ് മുതൽ മിനി സിവിൽ സ്റ്റേഷൻ വരെയുള്ള ഒരു കിലോമീറ്റർ പൈപ്പ് ലൈൻ മാറ്റി സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട് (അടങ്കൽ തുക – 50 ലക്ഷം രൂപ)<br>4. കോതമംഗലം മുനിസിപ്പാലിറ്റി – ജവഹർ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | ജംഗ്ഷൻ മുതൽ സബ്സ്റ്റേഷൻ വരെയുള്ള 150 എം. എം. എ. സി. പൈപ്പ് ലൈൻ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. (അടങ്കൽ തുക – 20 ലക്ഷം രൂപ)<br>5. കോതമംഗലം ടൗണിലെ കാലഹരണപ്പെട്ട 125 എം.എം./150 എം.എം.എ.സി. പൈപ്പുകൾ 7 കി. മീ. മാറ്റി സ്ഥാപിച്ചിട്ടുണ്ട്.<br>6. കോതമംഗലം മുനിസിപ്പാലിറ്റി – സി. എസ്. ടി. കോൺവെന്റ് മുതൽ തുലവുംപറമ്പ് വരെ 300 / 250 എം. എം. എ.സി. പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. (അടങ്കൽ തുക – 284.2 ലക്ഷം)<br>മലയിൻകീഴ് മുതൽ നാട്ടുകാണി വരെ 200 എം.എം.എ.സി. പൈപ്പ് – 4 കിലോമീറ്റർ, പിണ്ടിമന കുടിവെള്ള പദ്ധതിയുടെ മാലിപ്പാറ പ്ലാന്റ് മുതൽ കാളവണ്ടി ജംഗ്ഷൻ വരെയുള്ള 3 കിലോമീറ്റർ 300/250/200 എം. എം. എ. സി. പൈപ്പുകൾ എന്നിവയാണ് ഇനി മാറ്റി സ്ഥാപിക്കേണ്ട കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ. ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികൾക്കായി കിഫ്ബി പദ്ധതിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലുകളെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (സി) | കോതമംഗലം മുനിസിപ്പാലിറ്റി – അമ്പലപ്പറമ്പ് ടാങ്ക് മുതൽ വലിയപാറ വരെ 300 എം. എം. എ. സി. പൈപ്പുകൾ മാറ്റി 300 എം. എം. ഡി. ഐ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, ജവഹർ ജംഗ്ഷൻ മുതൽ 300/250 എം. എം. എ. സി. പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവക്ക് കിഫ്ബി മുഖേന അനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ടി മണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന മുഴുവൻ പൈപ്പുകളും മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിച്ച് കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനു വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നിലവിലുള്ള കോതമംഗലം പദ്ധതിയിലെ ജലസ്രോതസ്സിന്റെ അപര്യാപ്തതയും പദ്ധതിയുടെ കാലപ്പഴക്കവും കണക്കിലെടുക്കുമ്പോൾ കാലപ്പഴക്കം ചെന്ന മുഴുവൻ പൈപ്പുകളും മാറ്റിസ്ഥാപിക്കുന്നതിനു പകരം പുതിയ വിതരണ ശൃംഖലയോട്ടുകൂടിയ പദ്ധതി ആവിഷ്കരിക്കുന്നതാണ് അഭികാമ്യം. |

**സെക്ഷൻ ഓഫീസർ**

Annexure 1

## KIIFB APPROVED WORKS FOR REPLACING TRANSMISSION MAINS IN MUVATTUPUZHA ASSEMBLY CONSTITUENCY

| Sl No. | Name of Work | Sanctioned amount by KIIFB (Rs. Lakhs) | Present Status |
|---|---|---|---|
| 1 | UWSS to Kothamangalam- Replacement of damaged 300 AC pipe with 300 mm DI from Ambalaparambu to Valiyapara Kothamangalam Municipality 1000 m Reach II (distribution main) | 72.99 | TS estimate under preparation. |
| 2 | UWSS to Kothamangalam-replacing 300 mm AC distribution line with 300 mm DI pipe-2000 m Jawahar Jn. To Mathirapilly | 175.52 | Estimate for Road restoration from Kothamangalam Muncipality obtained but same from PWD is awaited for according TS for the work. |

സെക്ഷൻ ഓഫീസർ